പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4082** | **24.06.2019-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണം

**ചോദ്യം**

ശ്രീ.എം. സ്വരാജ്

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td>എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം പൂർത്തീകരിക്കാതിരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;</td><td>എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർത്തീകരിക്കാതിരുന്ന വീടുകൾ പൂർത്തീകരിക്കുന്നതിനു ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><td>വർഷം</td><td>ചെലവഴിച്ച തുക</td></tr><tr><td>2016-17</td><td>198.22 കോടി</td></tr><tr><td>2017-18</td><td>142.68 കോടി</td></tr><tr><td>2018-19</td><td>130.81 കോടി</td></tr><tr><td>2019-2020 (സാമ്പത്തിക വർഷം നാളിതുവരെ)</td><td>13.585 കോടി</td></tr><tr><td>ആകെ</td><td>485.295 കോടി രൂപ</td></tr></table></td></tr>
<tr><td>ബി)</td><td>എത്ര ഭവനങ്ങളുടെ നിർമ്മാണം ഇതിലൂടെ പൂർത്തീകരിക്കാനായെന്നും ഇനി എത്ര ബാക്കിയുണ്ടെന്നും അറിയിക്കുമോ;</td><td>ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം അനുവദിച്ചതിൽ 287 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.3.2016 നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് പൂർത്തീകരിച്ചു വരുന്നു. ആയതു പ്രകാരം 10267 വീടുകൾ നാളിതു</td></tr>
</table>

| | | | |
|---|---|---|---|
| | | | വരെ പൂർത്തീകരിച്ചു. അത്തരത്തിൽ 15519 വീടുകൾ പൂർത്തീകരിച്ചു. |
| സി) | പൂർത്തീകരിക്കാത്തവ ഉണ്ടെങ്കിൽ അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | സി) | 2016–17 സാമ്പത്തിക വർഷം വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 6709 വീടുകൾ അനുവദിച്ചതിൽ 6422 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാനുണ്ട്. കൂടാതെ 31.3.2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ ലൈഫ്മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ 12183 വീടുകളിൽ 1916 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി പണി പുരോഗമിച്ചു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ